# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 109 — 09.06.2014- ൽ മറുപടിക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കടൽ മാർഗ്ഗമുള്ള ചരക്കുനീക്കം മെച്ചപ്പെടു ത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 201 നവംബർ 9-ാം തീയതി കൊല്ലം തുഖമുഖത്തു ബഹു ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുക യുണ്ടായി. Oel Victory എന്ന ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് കമ്പനിയുടെ കപ്പൽ കണ്ടെയ്നറുകളു മായി അന്നേ ദിവസം കൊല്ലം തുറമുഖത്തു വന്നിരുന്നു. തുടർന്ന് ഗുജറാത്തിലെ മുന്ദ്ര പോർട്ടിൽ നിന്നും കൊച്ചി തുഖമുഖത്തു നിന്നും മറ്റു കപ്പലുകൾ വഴി കണ്ടെയ്നറുകളുമായി കൊല്ലം തുറമുഖത്തേയ്ക്ക് തീരദേശ ചരക്ക് ഗതാഗതം നടത്തിവരുന്നു. |
| (ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കി വരികയാണ്. ഈ തുറമുഖങ്ങളിൽ കപ്പൽ ചാലുകളിൽ ചാനലിലെ ആഴം വർദ്ധിപ്പിച്ച് മാർക്കിംഗ് ബോയകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവഴി മത്സ്യബന്ധന ബോട്ടുകൾക്കും ചരക്കുകൾക്കും സുരക്ഷിതമായ മാർഗ്ഗത്തിലൂടെ തുറമുഖത്തേക്ക് എത്താൻ സാധിക്കും. ഐ.എസ്.പി.എസ്. കോഡിന്റെ നടപ്പിലാക്കൽ വഴി തുറമുഖ പരിധിയിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കും. കൊല്ലം തുറമുഖ പരിധിയിൽ മത്സ്യത്തൊഴിലാളികൾക്കായി ഫിഷ് ലാന്റിംഗ് സെന്ററുകളും ലോക്കർ റൂം സൗകര്യങ്ങളും |

സ്ഥാപിച്ചിട്ടുണ്ട്. ഫിഷ് ലാന്റിംഗ് സെന്ററുകൾ നികത്താൻ കൊല്ലം തുറമുഖ ബേസിനിൽ നിന്നും നീക്കം ചെയ്യുന്ന ഡ്രെഡ്ജ്ഡ് മെറ്റീരിയൽ ഉപയോഗിച്ചിട്ടുണ്ട്. തുറമുഖങ്ങളുടെ വികസനം വഴി മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും തന്മൂലം മത്സ്യബന്ധന/തീരദേശ മേഖലയുടെ സമഗ്ര വികസനം സാദ്ധ്യമാവുകയും ചെയ്യും.

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ചരക്ക് ഗതാഗതത്തിന് ടൺ ഒന്നിന് ഒരു കിലോ മീറ്ററിന് 1 രൂപ നിരക്കിലും യാത്രക്കാർക്ക് 1 കിലോ മീറ്ററിന് 1 രൂപ നിരക്കിലും ഒരു വർഷത്തേയ്ക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചിരുന്നു. ഇൻസെന്റീവിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട് വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. മേൽപ്പറഞ്ഞ തുറമുഖങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>**വിഴിഞ്ഞം**</u> :- വിഴിഞ്ഞം തുറമുഖത്തെ വാർഫിന്റെ നീളം 50 മീറ്റർ വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. വാർഫിനോട് ചേർന്ന് പുതിയ ട്രാൻസിറ്റ് ഷെഡ് കമ്മീഷൻ ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തേയ്ക്ക് പുതിയ കണ്ടെയ്നർ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>**കൊല്ലം**</u> :- കൊല്ലം തുറമുഖത്ത് കപ്പൽ ഗതാഗതം സുഗമമാക്കാൻ വേണ്ടി 8.5 മീറ്റർ ആഴത്തിൽ ഡ്രെഡ്ജ് ചെയ്തിട്ടുണ്ട്. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പുതിയ ക്രെയിനും, മൾട്ടി പർപ്പസ് ഫോർക്ക് ലിഫ്റ്റും തുറമുഖത്ത് സജ്ജമാണ്. പുതിയതായി വാങ്ങിയ എം.റ്റി.കേരളം ടഗ്ഗ് കൊല്ലം തുറമുഖത്ത് ലഭ്യമാണ്. വിദേശ ചരക്ക് ക്ലിയറൻസുമായി ബന്ധപ്പെട്ട കസ്റ്റംസ് ക്ലിയറൻസ് സംവിധാനം തുടങ്ങാനുള്ള അടിസ്ഥാന സൗകര്യം സ്ഥാപിച്ചിട്ടുണ്ട്. പുതിയതായി ഒരു കണ്ടെയ്നർ / പാസഞ്ചർ വാർഫ് സ്ഥാപിക്കുന്നതിനായി 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>**കൊടുങ്ങല്ലൂർ**</u> :- കൊടുങ്ങല്ലൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടന്നു

വരികയാണ്. പുതിയ വാർഫ് നിർമ്മിക്കുന്നതിനും ആവശ്യമായ ആഴം നിലനിർത്തുന്നതിനായം ഡ്രെഡ്ജിംഗ് നടത്താനും ഭരണാനുമതി നൽകിയിട്ടുണ്ട്.

**ബേപ്പൂർ** :- ബേപ്പൂർ തുറമുഖത്ത ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ പുരോഗമിക്കു കയാണ്. പുതിയതായി കണ്ടെയ്നർ ക്രെയിനും റീച്ച് സ്റ്റാക്കറും, പൈലറ്റ് ബോട്ടും വാങ്ങുന്നതി നും ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനു വേണ്ടി പുതിയ വാർഫ് നിർമ്മിക്കാനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**അഴീക്കൽ** :- അഴീക്കൽ തുറമുഖത്ത് Public Private Partnership മാതൃകയിൽ സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തുറമുഖത്തെ ആഴം വർദ്ധിപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ പൊന്നാനി തുറമുഖം Public Private Partnership /BOT മാതൃകയിൽ 763 കോടി രൂപ ചെലവിൽ വികസിപ്പിക്കുന്നതിന് മലബാർ പോർട്ട്സ് എന്ന സ്ഥാപനം സമർപ്പിച്ച നിർദ്ദേശം അനുസരിച്ച് നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ